# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T 4687 26.10.2016 -ലെ മറുപടിയ്ക്ക്

## കുഴൽക്കിണർ കുഴിക്കുന്നത് നിയന്ത്രിക്കാൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം. രാജഗോപാലൻ | മാത്യു ടി. തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| എ) കാസർഗോഡ് മലയോര മേഖലയിൽ വ്യാപകമായ തോതിൽ കുഴൽകിണർ കുഴിക്കുന്നത് നിയന്ത്രിക്കാൻ നടപടികൾ ഉണ്ടാകുമോ; | എ) കാസർഗോഡ് ജില്ലയിലെ പഴയ കാസർഗോഡ് ബ്ലോക്കിൽപെട്ട മലയോരമേഖലകളായ ബേഡഡുക്ക, കുറ്റിക്കോൽ, ദേലമ്പാടി, കാറഡുക്ക പഞ്ചായത്തുകളിൽ കുഴൽകിണർ കുഴിക്കുന്നതിന് 2002 ലെ കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ആക്റ്റ് പ്രകാരം നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. |
| ബി) ഇതുമൂലം ഉണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) ഉണ്ട്. |
| സി) ഈ ജില്ലയിൽ ഏതൊക്കെ പ്രദേശങ്ങളാണ് ജലലഭ്യതയുടെ കാര്യത്തിൽ ബ്ലാക്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഇവിടങ്ങളിൽ അനിയന്ത്രിതമായി നടക്കുന്ന ജലചൂഷണം നിയന്ത്രിക്കുവാൻ നടപടി സ്വീകരിക്കുമോ? | സി) ഗ്രൗണ്ട് വാട്ടർ എസ്റ്റിമേഷൻ കമ്മിറ്റിയുടെ തരം തിരിവിൽ കാസർഗോഡ് ബ്ലോക്ക് പ്രദേശം ക്രിട്ടിക്കൽ ഏരിയയായി നിജപ്പെടുത്തിയിട്ടുണ്ട്. കാസർഗോഡ് മുനിസിപ്പാലിറ്റി അടക്കമുള്ള പഴയ കാസർഗോഡ് ബ്ലോക്ക് പ്രദേശം (മൊഗ്രാൽ, പുത്തൂർ, മധൂർ, ചെമ്മനാട്, ചെങ്കള, മുളിയാർ, കാറഡുക്ക, ബേഡഡുക്ക, കുറ്റിക്കോൽ, ദേലമ്പാടി എന്നീ പഞ്ചായത്തുകൾ) 2002 ലെ കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ആക്റ്റ് പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശമായതിനാൽ ഇവിടങ്ങളിൽ കുഴൽകിണർ കുഴിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ